# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1127** | **30.11.2018-ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷനിലെ നിയമനം**

| **ചോദ്യം**<br>**ശ്രീ.അനിൽ അക്കര** | **ഉത്തരം**<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
|---|---|
| (എ) ബിവറേജസ് കോർപ്പറേഷന്റെ എല്ലാ മദ്യവില്പനശാലകളും ഒരേപോലെ ചായമടിച്ച് നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, ഇതിനായി ആകെ എത്ര തുകയാണ് ചെലവഴിക്കുന്നത്; | (എ) ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനശാലകൾ ഒരു പോലെ ചായമടിച്ച് നവീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 28,500 രൂപ കോർപ്പറേഷന് ചെലവായിട്ടുണ്ട്. |
| (ബി) മദ്യവില്പനശാലകളിൽ യൂണിഫോമിലുള്ള ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) എത്ര ജീവനക്കാർക്കാണ് 15.11.2018 വരെ നിയമനം നല്കിയത്, ഇവരുടെ നിയമനം ഏത് ഏജൻസി മുഖേന എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | ബി) യും സി) യും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ യൂണിഫോം ധരിക്കേണ്ട തസ്തികയിൽ പി.എസ്.സി മുഖേന ആർക്കും നിലവിൽ നിയമനം നൽകിയിട്ടില്ല. കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുക്കപ്പെട്ട ബി.ആർ.ജോബ് കൺസൾട്ടൻസി, ബ്രോഡ് വ്യൂ സെക്യൂരിറ്റീസ് ആന്റ് മാൻപവർ സർവീസസ് ലിമിറ്റഡ് എന്നീ ഏജൻസികൾ മുഖേന 1219 യൂണിഫോമിലുള്ള സെക്യൂരിറ്റി ഗാർഡുകളെ കരാറടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**